"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (ഡി) വകുപ്പ്

**ഐ&പി.ആർ.ഡി ഡയറക്ടറുടെ നടപടിതീർപ്പ്**

[ഹാജർ : സുഭാഷ് ടി.വി. ഐ.എ.എസ് ]

വിഷയം:- ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് - പരസ്യ ഏജൻസികളുടെ എംപാനൽമെന്റിനായി ഇന്റർവ്യൂ, ഡെമോൺസ്ട്രേഷൻ എന്നിവ നടത്തിയത് - അനുബന്ധ ചെലവുകൾ - തുക അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സൂചന: - (1) 15.09.2023 തീയതിയിലെ ഡി3/90/2023/ഐ&പി.ആർ.ഡി നമ്പർ നടപടി തീർപ്പ്.

(2) 05.12.2023 തീയതിയിൽ ശ്രീ. എസ്.ആർ. പ്രവീൺ, ഡെപ്യൂട്ടി ഡയറക്ടർ (പരസ്യം-മാർക്കറ്റിംഗ്) നൽകിയ സമർപ്പണം

ഉത്തരവ് നം. ഡി3/90/2023/ഐ&പി.ആർ.ഡി തീയതി, തിരുവനന്തപുരം (14-12-2023)

---

പരസ്യ ഏജൻസികളെ വകുപ്പിൽ എംപാനൽമെന്റ് ചെയ്യുന്നതിനായുള്ള നടപടിക്രമങ്ങൾ വകുപ്പിന് കീഴിലുള്ള തിരുവനന്തപുരത്തെ വഴുതക്കാട്ടുള്ള ടാഗോർ തിയേറ്ററിൽവച്ചു നടത്താൻ അനുമതി ലഭിക്കുകയും അതുപ്രകാരം 2023 നവംബർ 13,14,15 തീയതികളിലായി പരസ്യ ഏജൻസികളുടെ ഇന്റർവ്യു സൂചന (1) പ്രകാരം ചുമതലപ്പെട്ട സെലക്ഷൻ കമ്മിറ്റി മുൻപാകെ നടത്തുകയും ചെയ്തിരുന്നു. ഇതിന് ചെലവായ തുക ശ്രീ. എസ്. ആർ പ്രവീൺ, ഡെപ്യൂട്ടി ഡയറക്ടർ (പരസ്യം-മാർക്കറ്റിംഗ്) നേരിട്ട് നൽകിയതായി സൂചന (2) പ്രകാരം അറിയിച്ചിട്ടുണ്ട്.

പരസ്യ ഏജൻസികളുടെ എംപാനൽമെന്റുമായി ബന്ധപ്പെട്ട ചെലവു കൾക്ക് തുക അനുവദിക്കുന്ന വിഷയം വകുപ്പ് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ. എസ്. ആർ പ്രവീൺ, ഡെപ്യൂട്ടി ഡയറക്ടർ (പരസ്യം-മാർക്കറ്റിംഗ്) -ന് ചെലവായ 43,837/-രൂപ (നാൽപ്പത്തി മൂവായിരത്തി എണ്ണൂറ്റി മുപ്പത്തി ഏഴ് രൂപ മാത്രം) ഇലക്ട്രോണിക് മീഡിയ പരസ്യങ്ങൾക്കുള്ള നോൺപ്ലാൻ ശീർഷകത്തിൽ നിന്നും (2220-60-101-97-02-നോൺ പ്ലാൻ) അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു. ടി തുക ശ്രീ.എസ്. ആർ. പ്രവീണിന്റെ ബാങ്ക് അക്കൗണ്ട് മുഖേന നൽകേണ്ടതാണ്.

സുഭാഷ് ടി വി ഐ.എ.എസ്
ഡയറക്ടർ

ശ്രീ. പ്രവീൺ. എസ്.ആർ, ഡെപ്യൂട്ടി ഡയറക്ടർ (പരസ്യം-മാർക്കറ്റിംഗ്), ഐ&പി.ആർ.ഡി, തിരുവനന്തപുരം

വിവര-പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടറുടെ സി.എയ്ക്ക്

ഇൻഫർമേഷൻ ഓഫീസർ (പരസ്യം&മാർക്കറ്റിംഗ്)

വിവര-പൊതുജന സമ്പർക്ക (എഫ്) വകുപ്പ് (തുടർ നടപടികൾക്കായി)

അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം

ജില്ല ട്രഷറി ഓഫീസർ, തിരുവനന്തപുരം

5990345/2023

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Nizam A M

സെക്ഷൻ ഓഫീസർ.

Date: 18-12-2023 14:07:51